# 74. ദിവ്യദർശനം

സ്ഥലം: അരനൂറ്റാണ്ടിലേറെയായി കമ്യൂണിസ്റ്റ് വാഴ്ചയ്ക്കു കീഴിൽ പുലർന്നുവരുന്ന യൂഗോസ്ലാവിയയിലെ മെദ്യുഗോർജ് (Medjugorje) എന്ന പർവതഗ്രാമം. കാലം: ക്രിസ്തുവർഷം 1981 ജൂൺ 24–ാം തീയതി. സംഭവം: വിശുദ്ധ കന്യകാമറിയം ആറു യുവാക്കൾക്കു പ്രത്യക്ഷപ്പെട്ട്, ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്യുന്നതിന്റെ ആവശ്യം ഉദ്ബോധിപ്പിക്കുന്നു. ലോകത്തിന്റെ ഭാവിയെ സംബന്ധിച്ച പത്തു രഹസ്യങ്ങൾ മറ്റൊരു അവസരത്തിൽ ഈ യുവാക്കൾക്കു വെളിപ്പെടുത്തിക്കൊടുക്കാമെന്ന് വിശുദ്ധ കന്യകാമറിയം അവരെ അറിയിക്കുന്നു.

ദരിദ്രമായ ഒരു കർഷകഗ്രാമമായിരുന്നു മെദ്യുഗോർജ്. ജനസംഖ്യ ആയിരത്തിൽത്താഴെ. ഏഡ്രിയാറ്റിക് കടലിനടുത്ത് ഒരു മലമടക്കിൽ കിടക്കുന്ന ഈ ഗ്രാമത്തിലെ നിവാസികൾ മുന്തിരിയും പുകയിലയും കൃഷിചെയ്തും പശുക്കളെയും കോഴികളെയും വളർത്തിയും അരിഷ്ടിച്ചു ജീവിച്ചുവന്നു. അവിടെ വ്യവസായങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

കന്യകാമറിയം യുവാക്കൾക്കു പ്രത്യക്ഷപ്പെട്ടതിനുശേഷമുള്ള എട്ടു വർഷങ്ങളിൽ മെദ്യുഗോർജ് ആകെ മാറിപ്പോയിരിക്കുന്നു. യൂറോപ്പിലെ ഏറ്റവും വലിയ ടൂറിസ്റ്റ് ആകർഷണകേന്ദ്രമാണ് ഇപ്പോൾ ഈ ഗ്രാമം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമായി പത്തുലക്ഷത്തിലേറെ ടൂറിസ്റ്റുകൾ ഈയാണ്ടിൽ അവിടം സന്ദർശിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ബസ്സിലും വിമാനത്തിലും കാൽനടയായും എത്തുന്ന ഈ സന്ദർശകരിൽ ഭൂരിപക്ഷവും റോമൻ കത്തോലിക്കർ ആയിരിക്കും; അവരിൽത്തന്നെ ഒരു വലിയ വിഭാഗം അമേരിക്കക്കാരും. സന്ദർശകരിൽ അധികം പേർക്കും ഇതൊരു വിനോദയാത്രയല്ല, തീർത്ഥയാത്രയാണ്.

ഗ്രാമത്തിന്റെ മദ്ധ്യത്തിലാണ്, ഇരുവശങ്ങളിലും സ്തൂപികകൾ ഉള്ള സെന്റ് ജെയിംസ് പള്ളി. പള്ളിയുടെ മുൻവശത്തു വിശാലമായ ഒരു അങ്കണമാണ്. പള്ളിക്കകത്തു ദിവസേന ആറു ഭാഷകളിൽ എട്ടു സർവീസുകൾ നടക്കുന്നു. പതിനായിരം ആളുകൾക്ക് ഒരേസമയം ഈ സർവീസുകളിൽ പങ്കെടുക്കാൻ കഴിയുമാറ് പള്ളിയുടെ മുമ്പിലുള്ള അങ്കണം ഉച്ചഭാഷിണികൾ ഘടിപ്പിച്ച് സജ്ജീകരിച്ചിരിക്കുന്നു. ഗ്രാമത്തിലെ മുഖ്യ തെരുവിൽ ബസ്സുകളും കാറുകളും നൂറ്റമ്പതു ടാക്സികളും തിരക്കിനിടയിലൂടെ നിരന്തരം ഓടിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഗ്രാമത്തിൽ ആരും കൃഷിചെയ്യുന്നില്ല. 'ടൂറിസം' എന്ന വ്യവസായം അവരെ സമ്പന്നരാക്കിയിരിക്കുന്നു.

യൂഗോസ്ലാവിയ ഭരിക്കുന്നത് കമ്യൂണിസ്റ്റ്പാർട്ടിയാണ്. നാസ്തികവാദം പ്രചരിപ്പിക്കുവാൻ കമ്യൂണിസ്റ്റ്പാർട്ടി ബാദ്ധ്യസ്ഥവുമാണ്. മെദ്യുഗോർജിലെ കർഷകയുവാക്കൾക്കു കന്യകാമേരി ദർശനമരുളിയതായി വാർത്ത പരന്നപ്പോൾ അങ്ങോട്ടുള്ള ജനപ്രവാഹത്തെ നിരുത്സാഹപ്പെടുത്താനാണ് ആദ്യമാദ്യം സർക്കാർ ശ്രമിച്ചത്. എന്നാൽ, ഈ കുഗ്രാമം യൂഗോസ്ലാവിയയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി വളരുകയാണെന്ന വസ്തുത സ്പഷ്ടമായപ്പോൾ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ആദർശസംഹിത തടസ്സമാവേണ്ടതില്ലെന്ന നിഗമനത്തിൽ കമ്യൂണിസ്റ്റ് സർക്കാർ എത്തിച്ചേർന്നു. യൂഗോസ്ലാവിയയ്ക്കാണെങ്കിൽ വിദേശനാണ്യം പ്രത്യേകിച്ച്, ഡോളർ, അത്യാവശ്യവുമാണ്. അതിനാൽ, ഗ്രാമത്തിൽ ടൂറിസ്റ്റുകൾക്കു സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലായി സർക്കാരിന്റെ ശ്രദ്ധ. രാജ്യത്തിലെ എല്ലാ ടൂറിസ്റ്റ് ഏജൻസികളും അവിടെ ആപ്പീസുകൾ തുറന്നു. യാത്രക്കാർക്കു പാർക്കുവാൻ വലിയ ഹോട്ടലുകൾ നിർമിക്കപ്പെട്ടു. വിലയായി

വിദേശനാണ്യം മാത്രം സ്വീകരിക്കുന്ന കൗതുകവസ്തുക്കടകൾ എങ്ങും പൊന്തിവന്നു. നികതി കൂടാതെ വിദേശവസ്തുക്കൾ ഇറക്കുമതിചെയ്യാൻ ഈ കടകൾ അനുവദിക്കപ്പെട്ടു. അടുത്തുള്ള ഒരു നഗരത്തിലെ സൈനികാവശ്യങ്ങൾക്കു മാത്രമുള്ള വിമാനത്താവളം സിവിലിയൻ ഉപയോഗത്തിനുള്ള ഒരു അന്താരാഷ്ട്രീയ വിമാനത്താവളമായി ഉയർത്തപ്പെട്ടു. അമേരിക്കയിൽനിന്നു് യൂഗോസ്ലാവിയയിലേക്കും തിരിച്ചും യാത്രക്കൂലിയും ഒമ്പതു ദിവസത്തെ താമസച്ചെലവും അടക്കം ഒരാൾക്കു് ആയിരത്തിനാനൂറു ഡോളർ മാത്രം ചെലവുവരുന്ന ടൂർ പാക്കേജുകൾ യൂഗോസ്ലാവിയൻ വിമാനക്കമ്പനിയായ ജെ. എ. ടി. സംഘടിപ്പിച്ചുതുടങ്ങി. വളരെ വേഗത്തിൽ മലമടക്കിലെ ഈ കുഗ്രാമം ഒരു കോൺക്രീററ് കെട്ടിടവനമായി 'വളർന്നു'.

യൂഗോസ്ലാവിയയിലെ യുവ—കമ്യൂണിസ്റ്റ്കർഷകർക്കു് കന്യകാമറിയം പ്രത്യക്ഷപ്പെട്ടുവെന്നതു സത്യമായിരുന്നുവോ? ഇതു് അന്വേഷിക്കുവാൻ കത്തോലിക്കാ പള്ളി മേധാവികൾ ചട്ടങ്ങൾപ്രകാരമുള്ള സംവിധാനങ്ങളുണ്ടാക്കി. ഈ അന്വേഷണം ഇപ്പോഴും തുടർന്നുവരികയാണു്.

സംഗതി സത്യമാവട്ടെ, മിഥ്യയാവട്ടെ. ടൂറിസ്റ്റുകളിൽ വളരെയധികം ആളുകൾക്കു മററു പ്രദേശങ്ങളിലേക്കാൾ മെദ്‌യുഗോർജിൽ ഈശ്വരസാന്നിദ്ധ്യം കൂടുതലായി അനുഭവപ്പെടുന്നുണ്ടെന്നതു് അവരുടെ വാക്കുകളിൽനിന്നു തെളിയുന്നുണ്ടു്. സെൻറ് ജെയിംസ് പള്ളിയിലെ കർബാനയിൽ പങ്കെടുത്തശേഷം, പ്രകടമായ ആദ്ധ്യാത്മികസംതൃപ്തിയോടെയാണു് അവരിൽ പലരും തിരിച്ചുപോകുന്നതു്. സർവശക്തനും പരമകാരുണികനുമായ ഒരു ഈശ്വരൻ ഉണ്ടെന്നും, ആ ഈശ്വരൻെറ കൈകളിൽ തങ്ങൾ സുരക്ഷിതരാണെന്നുമുള്ള ബോധം സാധാരണ മനുഷ്യർക്കെല്ലാം അത്യന്തം ആശ്വാസകരം ആകുന്നു. ഈശ്വരനെ അമ്മയുടെ രൂപത്തിൽ സാക്ഷാത്കരിക്കുമ്പോൾ ഈ ആശ്വാസം പരകോടിയിലെത്തുന്നു. ഇതല്ലേ 'മേരീപൂജ'യുടെ തത്ത്വം?

അതു് ടൂറിസ്റ്റുകളുടെ കാര്യം. മെദ്‌യുഗോർജ് ഗ്രാമത്തിലെ നിവാസികളുടെ സ്ഥിതിയോ? അവരിൽ മിക്കവരും കാർഷികവൃത്തി കൈവിട്ടു ഹോട്ടൽക്കാരും കൗതുകവസ്തു വ്യാപാരികളും ടാക്സി ഉടമകളും മററുമായി മാറിയിരിക്കുന്നു. ഈ ബിസിനസ്സുകാർക്കു് ഇപ്പോൾ സ്വന്തം കുടുംബാംഗങ്ങളുടെ കാര്യം നോക്കാനോ ഞായറാഴ്ചപോലും പള്ളിയിൽ പോകാനോ സമയമില്ലെന്നാണു് സെൻറ് ജെയിംസ് പള്ളിയിലെ വികാരി ഫാദർ ലെയണാർഡ് ഓറെക് പറയുന്നതു്. ഈശ്വരൻെറ കൈയിലുള്ള സന്ദിഗ്ദ്ധമായ സുരക്ഷ കൈവിട്ടു് അവർ ബാങ്കുകളിലുള്ള നിക്ഷേപങ്ങളിൽ നിശ്ചിതമായ സുരക്ഷ കണ്ടെത്തിയിരിക്കുന്നു.

(വസ്തുതകൾക്കു് 1989 ആഗസ്റ്റ് 28—ലെ 'ടൈം' വാരികയോടു് കടപ്പാടു്).

27 ആഗസ്റ്റ്, 1989

○○